# LSS EXAMINATION, FEBRUARY - 2016

## എൽ.എസ്.എസ്. പരീക്ഷ ഫെബ്രുവരി 2016

## (പേപ്പർ - I) (പാർട്ട് - എ)

## മലയാളം

ആകെ സ്കോർ : 20

- 1 മുതൽ 12 വരെയുള്ള ചോദ്യങ്ങളാണ് മലയാളത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ഓരോ ചോദ്യത്തിനുനേരെയും സ്കോർ രേഖപ്പെടുത്തിയിട്ടുണ്ട്.
- എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്.

**ഒറ്റവാക്കിൽ ഉത്തരമെഴുതുക. 1 മുതൽ 5 വരെ ചോദ്യങ്ങൾക്ക് 1 സ്കോർ വീതം.**

1. 'ഐതിഹ്യമാല' എന്ന കൃതിയുടെ കർത്താവ് ആരാണ് ?

(1 സ്കോർ)

ഉത്തരം :

2. "ഒന്നും ഒന്നും എത്രയാണെടാ ?"
"ഇമ്മിണി വല്യ ഒന്ന് !"
ഈ ചോദ്യവും ഉത്തരവും ഏതു കൃതിയിൽ ഉള്ളതാണ് ?

(1 സ്കോർ)

ഉത്തരം :

3. ജിജ്ഞാസ - പദത്തിന്റെ അർത്ഥം എഴുതുക.

(1 സ്കോർ)

ഉത്തരം :

4. 'ആയെന്ന്' പിരിച്ചെഴുതുക.

(1 സ്കോർ)

ഉത്തരം :

5. തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് ആരാണ് ?

(1 സ്കോർ)

ഉത്തരം :

**6 മുതൽ 10 വരെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ തന്നിട്ടുള്ളവയിൽ നിന്നും തെരഞ്ഞെടുത്ത് എഴുതുക. ഓരോന്നിനും ഒരു സ്കോർ വീതം**

6. 'കൂനിന്മേൽ കുരു' എന്ന ശൈലി ശരിയായി പ്രയോഗിച്ചിട്ടുള്ളത് ഏതു വാക്യത്തിലാണ് ?

a) സർക്കാർ ജോലി കിട്ടിയതിനു പിന്നാലെ ലോട്ടറിയടിച്ചു എന്നുകൂടി അറിഞ്ഞപ്പോൾ കൂനിന്മേൽ കുരു പോലെ അനുഭവപ്പെട്ടു.

b) അസുഖക്കാരിയായ അമ്മയെ ശുശ്രൂഷിക്കാൻ നിന്ന ബാബുവിന് മകൻ ബൈക്കിൽ നിന്നും വീണ് കാലൊടിഞ്ഞത് കൂനിന്മേൽ കുരുപോലെ അനുഭവപ്പെട്ടു.

c) പരീക്ഷയിൽ നല്ല മാർക്ക് വാങ്ങിച്ച കുട്ടികൾക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അഭിനന്ദനം കൂനിന്മേൽ കുരുപോലെയായിത്തീർന്നു.

d) കല്യാണം കഴിഞ്ഞ വീട് അലങ്കോലപ്പെട്ട് കൂനിന്മേൽ കുരുപോലെയായി.

(1 സ്കോർ)

ഉത്തരം :

7. 'പശു പല നിറം പാൽ ഒരു നിറം' എന്ന പഴഞ്ചൊല്ലിന് താഴെ കൊടുത്തിട്ടുള്ളവയിൽ നിന്നും ഏറ്റവും യോജിച്ച പ്രസ്താവന തെരഞ്ഞെടുത്തെഴുതുക.

a) എല്ലാ പാലിന്റെയും നിറം വെളുപ്പാണ്.

b) പല നിറത്തിലുള്ള പശുക്കളുടെ പാലിന് പല നിറങ്ങളില്ല.

c) മതം പലതാണ്, പക്ഷേ എല്ലാറ്റിന്റെയും സാരാംശം ഒന്നു തന്നെ.

d) മനുഷ്യർ പല തരക്കാരാണെങ്കിലും എല്ലാവരുടെയും ഉള്ളിൽ ഒരേ വിചാരമാണ്.

(1 സ്കോർ)

ഉത്തരം :

8. തെറ്റായി എഴുതിയ പദം ഏതാണ് ?

a) പ്രസ്താവന

b) നിശ്ശബ്ദം

c) ജ്യേഷ്ടൻ

d) പ്രസ്ഥാനം

(1 സ്കോർ)

ഉത്തരം :

9. കൂട്ടത്തിൽ പെടാത്തത് ഏതാണ് ?

a) നയനം　　b) അക്ഷി

c) നേത്രം　　d) കർണം

(1 സ്കോർ)

| ഉത്തരം : |
| --- |

10. കൈതച്ചക്ക എന്ന ഉത്തരം കിട്ടുന്ന കടങ്കഥയേത് ?

a) ഒരു മുറം മലരിൽ ഒരു തേങ്ങപ്പൂള്

b) സുന്ദരനെങ്കിൽ ഒറ്റക്കണ്ണൻ

c) ചെടിയിന്മേൽ കായ, കായമേൽ ചെടി

d) ഒരമ്മ പെറ്റ മക്കളെല്ലാം നരച്ച് നരച്ച്

(1 സ്കോർ)

| ഉത്തരം : |
| --- |

11. താഴെ കൊടുത്ത കവിത വായിക്കുക.

കുരുവി കുരുവി കൂടെവിടെ
കൂട്ടിനകത്തൊരു കുഞ്ഞില്ലേ ?
കൂട്ടിലിരിക്കും കുരുവിക്കുഞ്ഞിനു
കൂട്ടിനാരൊണ്ട് - ഒരു
കൂട്ടിനാരൊണ്ട്
അന്തിവിരുന്നിനു രണ്ടുപരുന്തുകൾ
ഇന്നലെ വന്നുകൂട്ടിൽ
അങ്ങേക്കൊമ്പിൽ കൂടുംവച്ചവ-
രിങ്ങേ കൊമ്പിലിരുന്നു.
കുരുവിക്കുഞ്ഞിനു കോർത്തു കൊടുത്തു
കുന്നിക്കുരു മണിമാല
കുരുവിക്കുഞ്ഞിനു നെയ്തുകൊടുത്തു
കുഞ്ഞുടുപ്പിനു ശീല
പാതിരായ്ക്കാ പനം പരുന്തുകൾ
പല്ലുകടിച്ചതു കേട്ടപ്പോൾ,
തള്ളക്കുരുവി കിടന്നു ചിലച്ചു;

"പല്ലുകടിയ്ക്കണതാരാണ് ?"
കൊമ്പിലിരുന്നു പരുന്തു പറഞ്ഞു :
കൊട്ടടയ്ക്കാപ്പൂളാണ്...
കിഴക്കുവെള്ളക്കാലുകൾ വീശി
കുരുവിക്കുഞ്ഞ് ചിലച്ചില്ല !
കൂടും വിട്ടുപറന്നു പരുന്തുകൾ
കുരുവിക്കുഞ്ഞ് ചിലച്ചില്ല !
ഈർക്കിലിയെല്ലും കുഞ്ഞിച്ചുണ്ടും
ബാക്കി കിടന്നു കൂട്ടിൽ !

(കുട്ടികൾക്കൊരു പാട്ട് - വയലാർ)

a) 'കിഴക്കു വെള്ളക്കാലുകൾ വീശി' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണ് ?

(1 സ്കോർ)

| ഉത്തരം : |
| --- |
| |

b) കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

(4 സ്കോർ)

| ഉത്തരം : |
| --- |
| |

12. താഴെക്കൊടുത്ത ഗദ്യഭാഗം ശ്രദ്ധാപൂർവ്വം വായിക്കുക.

## നിത്യഹരിത വനങ്ങൾ

വനങ്ങൾ ജീവജാലങ്ങളുടെ മുഴുവൻ സമ്പത്താണ്. ഭൂമിയിലെ ഓരോ വനപ്രദേശത്തും നിരവധി തരം സസ്യങ്ങളും മൃഗങ്ങളും പക്ഷികളും ഉണ്ട്. സമുദ്രനിരപ്പിൽ നിന്നും 600 മീറ്ററിനും 1100 മീറ്ററിനും ഇടയ്ക്കുള്ള പ്രദേശങ്ങളിൽ കാണപ്പെടുന്ന എപ്പോഴും ഈർപ്പം നിറഞ്ഞ അന്തരീക്ഷം നിലനിൽക്കുന്ന വനങ്ങളെ നിത്യഹരിതവനങ്ങൾ എന്നു വിളിക്കുന്നു. ഇടതൂർന്ന നിത്യഹരിതവനങ്ങൾ, ഭൂമിക്കുമുകളിൽ ഒരു ആവരണം പോലെ നിലകൊള്ളുന്നതിനാൽ വേനൽക്കാലങ്ങളിൽ ബാഷ്പീകരണത്തിന്റെ തോത് തന്നെ കുറയ്ക്കുകയും മണ്ണിലെ ഈർപ്പത്തെ നിലനിർത്തുകയും ചെയ്യുന്നു. കേരളത്തിലെ വനങ്ങളുടെ ഏകദേശം നാലിലൊരു ഭാഗം നിത്യഹരിത വനങ്ങളിൽപ്പെടുന്നു. ദേശീയോദ്യാനമായ സൈലന്റ് വാലി ഇതിൽ പ്രധാനപ്പെട്ടതാണ്.

പശ്ചിമഘട്ടത്തിന്റെ ചില ഭാഗങ്ങളിൽ കാണപ്പെടുന്ന പർവ്വതമുകൾ നിത്യഹരിത വനങ്ങളിൽ ശരാശരി 4500 മില്ലീമീറ്ററിലധികം വാർഷിക വർഷപാദവും ഉയർന്ന ഈർപ്പവും കാണപ്പെടുന്നു. കേരളത്തിലെ നിത്യഹരിതവനങ്ങളിൽ വെള്ളപ്പൈൻ, പാലി, കൽപൈൻ, കമ്പകം, വെടിപ്ലാവ്, ആഞ്ഞിലി മുതലായ വൃക്ഷങ്ങളും ചൂരൽ, രാമദന്തി, കാട്ടുമുളക് തുടങ്ങിയ വള്ളിച്ചെടികളും വളരുന്നു. ജന്തുവൈവിധ്യം കൊണ്ടും ഇത്തരം വനങ്ങൾ ശ്രദ്ധേയമാണ്. സൈലന്റ്‌വാലി വനപ്രദേശത്തു കണ്ടുവരുന്ന സിംഹവാലൻ കുരങ്ങ് വളരെ പ്രസിദ്ധമാണ്. ആന, കുറുക്കൻ, കാട്ടുപോത്ത്, പുലി, പുള്ളിമാൻ മുതലായ മൃഗങ്ങളും നിത്യഹരിത വനങ്ങളിലുണ്ട്. വിവിധയിനം ഷഡ്പദങ്ങൾ, നീലയക്ഷി പക്ഷി, കരിംചുണ്ടൻ മരംകൊത്തി, നീലഗിരികാട്ടുപ്രാവ്, വയനാടൻ ചിരിപ്പക്ഷി തുടങ്ങിയവയും നിത്യഹരിതവനങ്ങളിൽ കണ്ടുവരുന്നു. ഭൂമിയിലെ ജീവജാലങ്ങളുടെ നിലനിൽപ്പിന് അടിസ്ഥാനമായ വനങ്ങളുടെ നാശം കാരണം ഇന്നും നാം കടുത്ത ദുരിതങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ജീവിവർഗ്ഗങ്ങളുടെ വംശനാശഭീഷണി, കാലാവസ്ഥയിൽ കണ്ടുവരുന്ന വ്യതിയാനങ്ങൾ എന്നിവ ഇവയിൽ പ്രധാനപ്പെട്ടതാണ്. കടുത്തചൂട്, മഴ വേണ്ടപ്പോൾ പെയ്യാതിരിക്കുക, ആവശ്യമില്ലാത്തപ്പോൾ പെയ്യുക ഇങ്ങനെയുള്ള കാലാവസ്ഥകാരണം ജീവിതം ദുസ്സഹമായിക്കൊണ്ടിരിക്കുകയാണ്.

a) നിത്യഹരിത വനങ്ങൾ മണ്ണിലെ ഈർപ്പത്തെ നിയന്ത്രിക്കുന്നതെങ്ങനെ?

(1 സ്കോർ)

ഉത്തരം :

b) മുകളിൽ കൊടുത്ത ഗദ്യഭാഗത്ത് 'നിബിഡം' എന്ന അർത്ഥത്തിൽ പ്രയോഗിച്ചിട്ടുള്ള പദമേത് ?

(1 സ്കോർ)

ഉത്തരം :

c) വനങ്ങൾ ജീവജാലങ്ങളുടെ നിലനിൽപ്പിന് അടിസ്ഥാനം മാത്രമല്ല. പ്രകൃതി സൗന്ദര്യത്തിന്റെ ഇരിപ്പിടങ്ങൾ കൂടിയാണ്. വനങ്ങളുടെ സൗന്ദര്യത്തെക്കുറിച്ച് സ്വതന്ത്രമായി ഒരു ലഘുവർണന തയ്യാറാക്കുക.

(3 സ്കോർ)

ഉത്തരം :

# LSS EXAMINATION, FEBRUARY - 2016

## (Paper - I) (Part - B)

## ENGLISH

Total Score : 10

**Write the answers to the questions in the space provided in the question paper.**

- Questions 13 to 14 are included in the English section.
- The score for each question is given against it.
- Answer all the questions.

13. a) Choose the correct word from the bracket and fill in the blanks.

(1 Score)

The cruel merchant made Ivan __________ from dawn to dusk.

(sleep, happy, pray, toil)

b) Make a meaningful word from the given letters and complete the sentence.

(1 Score)

| | | | | | | | |
|---|---|---|---|---|---|---|---|
| A | N | G | L | A | G | E | U |

Ivan could predict the disaster as he knew the bird's __________.

c) Read the following lines of a song and add four lines to it. (3 Score)

*One day the nightingale took Ivan to the forest. Beautiful birds were chirping and flying around. He felt very happy. He sang and danced with them.*

Green parrot, naughty parrot
Swinging on the branch
Speaking with your red beak
I wish I could speak with you!

______________________

______________________

______________________

______________________

14. a) The thing which you can't see on a shoemaker's table. (1 Score)
(hammer, knife, customer, chisel, leather)

| |
|---|
| |

b) Rearrange the given words and write the answer to the question. (1 Score)

What did shoemaker say to his wife?
(people / be / never / greedy / happy / can)

| |
|---|
| |

c) Imagine that Elf is your friend for one day. What will you do with him on that day? Write a description about 'the day with Elf'. (3 Score)

| |
|---|
| |

# എൽ.എസ്.എസ്. പരീക്ഷ ഫെബ്രുവരി 2016

## (പേപ്പർ - I) (പാർട്ട് - സി)

## പൊതുവിജ്ഞാനം

ആകെ സ്കോർ : 10

**നിർദ്ദേശങ്ങൾ :**

- 15 മുതൽ 24 വരെ പൊതുവിജ്ഞാനം ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 4 ഉത്തരങ്ങളിൽ ഒരു ശരിയുത്തരം തെരഞ്ഞെടുക്കേണ്ടതും, ഒറ്റ വാക്കിൽ ഉത്തരം എഴുതേണ്ടവയുമായ ചോദ്യങ്ങളാണിവ.
- ഓരോ ചോദ്യത്തിനും 1 സ്കോർ വീതം.
- എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്.

---

15. വലുപ്പത്തിൽ കേരളത്തിലെ രണ്ടാമത്തെ നദി ഏത് ?

a) പെരിയാർ b) പമ്പ

c) ഭാരതപ്പുഴ d) ചാലിയാർ (സ്കോർ 1)

ഉത്തരം :

16. ഡെങ്കിപ്പനിയുടെ രോഗവാഹകർ ആരാണ് ?

a) ഈഡിസ് ഈജിപ്റ്റി b) ക്യൂലക്സ് പെൺകൊതുക്

c) അനോഫിലിസ് d) മാൻസോണിയ (സ്കോർ 1)

ഉത്തരം :

17. ഇതുവരെ നടന്ന എല്ലാ ലോകകപ്പ് ഫുട്ബോൾ മത്സരങ്ങളിലും പങ്കെടുത്ത രാജ്യം ?

a) അർജന്റീന b) ഉറുഗ്വേ

c) ബ്രസീൽ d) അമേരിക്ക (സ്കോർ 1)

ഉത്തരം :

18. തവള ഒരു ഉഭയജീവി ആണല്ലോ, സസ്യവർഗ്ഗത്തിലെ ഉഭയജീവി എന്നറിയപ്പെടുന്ന സസ്യം ഏത് ?

a) മഷിത്തണ്ട് b) ആമ്പൽ

c) കുളവാഴ d) പായൽ (സ്കോർ 1)

ഉത്തരം :

19. ശരീരത്തിന്റെ പിണ്ഡ സൂചിക (ബോഡി മാസ് ഇൻഡക്സ്)യുടെ ഉപയോഗം എന്ത് ?

a) അമിതവണ്ണം അളക്കുന്നതിന് b) വിളർച്ചാരോഗം നിർണ്ണയിക്കാൻ

c) ഹൃദയമിടിപ്പ് പരിശോധിക്കാൻ d) രക്തസമ്മർദ്ദം അളക്കാൻ (സ്കോർ 1)

ഉത്തരം :

20. എല്ലാ വർഷവും മണ്ണ് ദിനമായി ആചരിക്കുന്ന ദിവസം

(സ്കോർ 1)

ഉത്തരം :

21. കേരളത്തിന്റെ ഇപ്പോഴത്തെ ഗവർണർ ആര് ?

(സ്കോർ 1)

ഉത്തരം :

22. ശരിയായ ബന്ധം എഴുതുക.

കേരളം - തിരുവനന്തപുരം

ആസാം - ..................................

(സ്കോർ 1)

ഉത്തരം :

23. 2015 നവംബർ മാസത്തിൽ കേരളത്തിൽ നടന്ന തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ ആകെ എത്ര കോർപ്പറേഷനുകളിൽ തെരഞ്ഞെടുപ്പ് നടന്നു ?

(സ്കോർ 1)

ഉത്തരം :

24. ശ്രീമതി കെ.ആർ. മീരയ്ക്ക് 2015 ലെ കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് നേടിക്കൊടുത്ത കൃതി ഏത് ?

(സ്കോർ 1)

ഉത്തരം :